# ജൈവ ഹോർമോൺ അമിനോ പ്ലസ്

● പി.എ. വികാസ്,
ഷിനോജ് സുബ്രഹ്മണ്യൻ

വിളകൾ യഥാസമയം പൂക്കാതിരിക്കുകയും കായ്പിടിത്തം കുറയുകയും ചെയ്യുന്നതു ചില ഹോർമോണുകളുടെ കുറവു കാരണമാണ്. ഇതു പരിഹരിക്കാൻ രാസ ഹോർമോണുകളെയും രാസസൂക്ഷ്മമൂലകങ്ങളെയുമാണ് കർഷകർ ആശ്രയിക്കുന്നത്. ഉപയോഗിക്കുന്നതിനുള്ള എളുപ്പവും ലഭ്യതയും ഒപ്പം പരസ്യങ്ങളും മികച്ച ഇതര മാർഗങ്ങൾ ഇല്ലാത്തതും ജൈവ ഉൽപന്നങ്ങളുടെ ലഭ്യതക്കുറവുമൊക്കെയാണ് ഈ വഴി തേടാൻ കർഷകരെ പ്രേരിപ്പിക്കുന്നത്.

ഇതിനൊരു പ്രതിവിധിയായി എറണാകുളം ജില്ലാ കൃഷിവിജ്ഞാനകേന്ദ്രം വിളകളിൽ കായ്ഫലം വർധിപ്പിക്കുന്നതിനും ചെടികൾ പെട്ടെന്ന് പൂക്കുന്നതിനുമുള്ള ജൈവ ഹോർമോൺ 'അമിനോ പ്ലസ് വിപണിയിലിറക്കി.

ഉപയോഗക്രമം: കടൽമത്സ്യമായ മത്തിയാണ് ജൈവ ഹോർമോൺ ഉൽപാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്നത്. മത്തിയിൽ നിന്നു പുളിപ്പിക്കൽ വഴി വേർതിരിച്ചെടുക്കുന്ന ഈ മിശ്രിതത്തിൽ സസ്യങ്ങൾ വളരാനും പൂക്കാനും കായ്ക്കാനും വേണ്ട വളർച്ചാത്വരകങ്ങളും സൂക്ഷ്മമൂലകങ്ങളും സൂക്ഷ്മാണുക്കളും അടങ്ങിയിട്ടുണ്ട്. ചാഴി ഉൾപ്പെടെയുള്ള കീടങ്ങളെ അകറ്റിനിർത്തുന്നതിനും മണ്ണിലെ ഉപയോഗപ്രദമായ സൂക്ഷ്മാണുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഈ ജൈവ ഹോർമോൺ സഹായിക്കും. ഇലകളിലും തണ്ടുകളിലും വീഴത്തക്കരീതിയിൽ പതിനഞ്ച് ദിവസത്തിൽ ഒരിക്കൽ എന്ന ക്രമത്തിലാണ് ഉപയോഗിക്കേണ്ടത്. ചെടികൾക്ക് നാലില പ്രായമുള്ളപ്പോൾ മുതൽ ഈ മിശ്രിതം കൊടുത്തുതുടങ്ങാം.



*അമിനോ പ്ലസ്*

ലഭ്യത: കൊച്ചിയിൽ ഹൈക്കോടതി ജംക്ഷനു സമീപം ഗോശ്രീറോഡിലുള്ള സിഎംഎഫ്ആർഐയുടെ വിപണനകേന്ദ്രത്തിൽ അമിനോ പ്ലസ് ലഭ്യമാണ്. 200 മി. ലീ. ബോട്ടിലിൽ ലഭിക്കുന്ന ജൈവ ഹോർമോണിന് 40 രൂപയാണ് വില. ഓർക്കിഡ്പോലുള്ള അലങ്കാരച്ചെടികൾക്കും ഇതു ഫലപ്രദം. വിവരങ്ങൾക്ക്: പ്രോഗ്രാം കോ–ഓർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം), ഞാറയ്ക്കൽ പി.ഒ. , പിൻ: 682 505. ഫോൺ: 0484 –2492450